**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1412** **30.01.2018-ലെ മറുപടിക്ക്**

**'പെരിങ്ങോം വില്ലേജിലെ ചിറ്റടി കോളനിയിൽപ്പെട്ട 9 കുടുംബങ്ങൾക്ക് പട്ടയം'**

**ചോദ്യം** **മറുപടി**

**ശ്രീ. സി.കൃഷ്ണൻ** **ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | പയ്യന്നൂർ നിയോജക മണ്ഡലത്തിലെ പെരിങ്ങോം വില്ലേജിലെ ചിറ്റടി കോളനി യിൽപ്പെട്ട 9 കുടുംബങ്ങൾക്ക് പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട് ഭൂമി ഡി റിസർവ് ചെയ്യുന്നതിന് ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (എ) & (ബി) | കണ്ണൂർ ജില്ലയിലെ പയ്യന്നൂർ നിയോജക മണ്ഡലത്തിലെ ഭൂമി സംബന്ധമായ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി 24/10/2016-ന് ബഹു.റവന്യു വകുപ്പ് മന്ത്രി വിളിച്ചുചേർത്ത യോഗത്തിലെ തീരുമാനങ്ങൾ നടപ്പിലാക്കു ന്നതിനുള്ള പുരോഗതി കണ്ണൂർ ജില്ലാകലക്ടർ 20/07/2017-ലെ 8905/17/B6 കത്ത് മുഖേന സർക്കാരിനെ അറിയിച്ചിരുന്നു. ടി കത്തിലും എൻ1/273/2017/റവന്യു നമ്പർ കത്തിലും പരാമർശിച്ചിരിക്കുന്ന പൊതു ആവശ്യ ത്തിനായി നീക്കിവച്ചിട്ടുള്ള പ്രസ്തുത ഭൂമി ഡീ റിസർവ്വ് ചെയ്യുന്നതിനുള്ള നടപടി ലാൻഡ് ബോർഡ് കാര്യാലയത്തിൽ പരിശോധിച്ചു വരുന്നു. |
| (ബി) | ഇതുമായി ബന്ധപ്പെട്ട റവന്യൂ (N) അഡീഷണൽ ചീഫ് സെക്രട്ടറി യുടെ 13.09.17 ലെ എൻ-1/ 273/2017, കണ്ണൂർ കലക്ടറുടെ 20.07.2017 ലെ 8905/17/R2 എന്നീ നമ്പർ കത്തുകളിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**